(ബി) അഴിമതി നിരോധന നിയമ പ്രകാരം, പ്രസ്തുത കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുവാൻ ആവശ്യമായ അനുവാദം നൽകുന്നതിനു അർഹതയുള്ള അധികാരിയായ സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ

32 [841] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, കഴക്കൂട്ടം, തുമ്പ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന ചില മേഖലകൾ ഉൾപ്പെടുത്തി ശ്രീകാര്യം കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് സ്ഥലം എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ സൗകര്യമുള്ള കെട്ടിടം സജ്ജമാക്കി നൽകണമെന്ന് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനസാന്ദ്രത, ക്രിമിനൽ കേസുകളുടെ എണ്ണം, ക്രമസമാധാനപ്രശ്നങ്ങളുടെ ബാഹുല്യം എന്നിവയിൽ ഏറ്റവും മുന്നിലുള്ള ശ്രീകാര്യം പ്രദേശത്ത് പോലീസ് സ്റ്റേഷൻ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പുതുക്കിയ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

33 [842] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വലിയ പോലീസ് സ്റ്റേഷനുകളിൽ ഒന്നായ പട്ടാമ്പി സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly